(ബി) അവിടെ സൽഫോറ് കയറിയ ഒരു വള്ളം പെരിയാറിൽ മുങ്ങുകയുണ്ടായോ ;

(സി) അതു മൂലം എന്തു നഷ്ടം ഉണ്ടായിട്ടുണ്ട് ;

(ഡി) ഈ വള്ളം ആരുടെ വകയായിരുന്നു ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ എ. എ. റഹിം):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) 4236 രൂപ വില വരുന്ന 12 ടൺ അമോണിയം സൾഫോറ് നഷ്ടപ്പെട്ടിട്ടുണ്ട്.

(ഡി) കമ്പനിയുടെ വക.

പകർച്ചവ്യാധികളുടെ നിരീക്ഷകർ.

* 178. [31] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഷ്ഠം, ക്ഷയം, മുതലായ പകർച്ച വ്യാധികളുടെ നിരവധി നിരീക്ഷകർ തിരുവിതാംകൂർ–കൊച്ചിയിലെ പല പട്ടണങ്ങളിലും അലഞ്ഞുതിരിഞ്ഞു നടക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു തടയാൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഉണ്ട്.

(ബി) മുനിസിപ്പൽ ചട്ടങ്ങൾ അനുസരിച്ച് മുനിസിപ്പൽ അധികാരികൾക്കും മറ്റും വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. തിരുവിതാംകൂർ–കൊച്ചി പൊതുജനാരോഗ്യ നിയമം 1955 ആക്ടോബർ 2–ാംനു മുതൽ ഉത്തരവിലൂടെ വന്നിട്ടുണ്ട്. ഈ നിയമത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനു് ആവശ്യമുള്ള ചട്ടങ്ങൾ രൂപീകരിച്ചു വരുന്നു.

കറന്റ് ചാർജ്ജ്.

* 179. [43] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏലക്ട്രിക് കറന്റ് കണക്ഷൻ കൊടുക്കുമ്പോൾ യൂണിറ്റ് ഒന്നിന് എന്തു വില ഈടാക്കുന്നു; മോട്ടോറുകൾക്ക് എന്തു വിലയ്ക്കു് കൊടുക്കുന്നു ;

(ബി) വിലയിൽ സാരമായ ഈ വ്യത്യാസം വരുത്താൻ കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly